കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എടവിലങ്ങ് ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ- ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - 2007-08 - ഖണ്ഡിക 3(3) ആഡിറ്റ് തടസ്സം - സാധൂകരണം നൽകി 'ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.2910/12/തസ്വഭവ. തിരുവനന്തപുരം,തീയതി: 19/10/2012

പരാമർശം:- 1) പഞ്ചായത്ത് സെക്രട്ടറിയുടെ 03/05/2012-ലെ എ 1-1299/12 നമ്പർ കത്തും 21/03/2012-ലെ 1(2)-ാം നമ്പർ കമ്മിറ്റി തീരുമാനവും.

2) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 22/09/2012-ലെ LF-10500/PT2/12 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(3) പ്രകാരം തെങ്ങൊന്നിന് 250/- രൂപാ നിരക്കിൽ 600 തെങ്ങ് വെട്ടിമാറ്റിയതിനു 1,50,000/- രൂപ ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിനു സാധൂകരണം നൽകണമെന്ന എടവിലങ്ങ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21/03/2012-ലെ 1(2) -ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം പഞ്ചായത്ത് സെക്രട്ടറി ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

2007-08 സാമ്പത്തിക വർഷത്തിൽ എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ തെങ്ങ് വെട്ട് എന്ന പദ്ധതി നടപ്പിലാക്കിയത് പ്രകാരം കർഷകർക്ക് തെങ്ങിൻ തൈകൾ വിതരണം ചെയ്തു. കോക്കനട്ട് ബോർഡിന്റെ നിർദ്ദേശ പ്രകാരം ഒരു ഹെക്ടറിൽ 175 തെങ്ങുകൾ മാത്രമേ പാടുള്ളുവെന്നും നിലവിൽ പഞ്ചായത്തിൽ 200 തെങ്ങുകൾ വരെ നിൽക്കുന്നതിനാലാണ് വെട്ടിയ തെങ്ങുകൾക്ക് പകരം തൈകൾ വിതരണം

ചെയ്യുവാനായി പദ്ധതിയിൽ ഉൾപ്പെടുത്താത്തത് എന്ന് പരിഗണിച്ച് 2007-08 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(3) ന് സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3 (3) പ്രകാരം തടസ്സപ്പെടുത്തിയ തെങ്ങൊന്നിന് 250/- രൂപാ നിരക്കിൽ 600 തെങ്ങ് വെട്ടി മാറ്റിയതിന് 1,50,000/- രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ചെലവഴിച്ച എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സെക്രട്ടറി, എടവിലങ്ങ് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ